# താൽപര്യപത്രം (Expression of Interest – EOI)

SAF കടൽ കഫെ – മെയിൻ കിച്ചൻ, ഔട്ട്‌ലെറ്റുകൾ എന്നിവയുടെ പ്രവർത്തനത്തിനായി കൺസൾട്ടന്റിനെ നിയമിക്കുന്നതിന്ഫിഷറീസ് വകുപ്പിന് കീഴിൽ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (SAF) മുഖേന നടപ്പിലാക്കുന്ന SAF കടൽ കഫെ പദ്ധതിയുടെ മെയിൻ കിച്ചനും വിവിധ ഔട്ട്‌ലെറ്റുകളും കാര്യക്ഷമമായും ഗുണമേന്മയോടെയും സുസ്ഥിരമായും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതികവും മാനേജീരിയൽപരവുമായ മാർഗനിർദ്ദേശങ്ങളും പിന്തുണയും നൽകുന്നതിനായി പരിചയസമ്പന്നരായ കൺസൾട്ടന്റുമാരിൽ നിന്നും / കൺസൾട്ടൻസി സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം (EOI) ക്ഷണിക്കുന്നു.

## 1. കൺസൾട്ടൻസിയുടെ പ്രധാന ലക്ഷ്യം

SAF കടൽ കഫെയുടെ മെയിൻ കിച്ചനും ഔട്ട്‌ലെറ്റുകളും ഏകീകൃത നിലവാരത്തിലും കാര്യക്ഷമമായ പ്രവർത്തന രീതിയിലും മുന്നോട്ട് കൊണ്ടുപോകുന്നതിനും, ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും, പ്രവർത്തനച്ചെലവ് നിയന്ത്രിക്കുന്നതിനും, വിൽപ്പനയും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ വിദഗ്ധ സേവനം ലഭ്യമാക്കുക എന്നതാണ് കൺസൾട്ടൻസിയുടെ പ്രധാന ലക്ഷ്യം.

## 2. കൺസൾട്ടൻസിയുടെ പരിധി

### A. മെയിൻ കിച്ചൻ

- കോഴിക്കോട് ജില്ലയിലെ വെള്ളയിലെ സി ആർ സി ബിൽഡിംഗിൽ 732 SQFT വരുന്ന ഹോൾ മെയിൻ കിച്ചനായി തെരെഞ്ഞെടുത്തിട്ടുണ്ട്

- മെയിൻ കിച്ചന്റെ പ്രവർത്തന ക്രമീകരണത്തിനും ലേഔട്ടിനും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക.ആവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, പാത്രങ്ങൾ തുടങ്ങിയവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുക.
- മെനു തയ്യാറാക്കുകയും ഭക്ഷണ വിഭവങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ നടത്തുകയും ചെയ്യുക.വിഭവങ്ങളുടെ അളവ്, രുചി, ഗുണനിലവാരം എന്നിവ ഏകീകരിക്കുക.ഓരോ വിഭവത്തിന്റെയും ഭക്ഷ്യച്ചെലവ് (Food Cost) കണക്കാക്കി വിലനിർണ്ണയത്തിന് സഹായിക്കുക.
- ഭക്ഷണം തയ്യാറാക്കൽ, സംഭരണം, പാക്കിംഗ്, വിതരണം എന്നിവയ്ക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുക.
- ഭക്ഷ്യസുരക്ഷ, ശുചിത്വം, സാനിറ്റേഷൻ എന്നിവ സംബന്ധിച്ച് മാർഗനിർദ്ദേശം നൽകുക.
- കിച്ചൻ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക. അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ, സ്റ്റോക്ക് മാനേജ്മെന്റ്, ഇൻവെന്ററി നിയന്ത്രണം എന്നിവയിൽ മാർഗനിർദ്ദേശം നൽകുക.
- ഭക്ഷ്യവസ്തുക്കളുടെ പാഴ്വ്യയം കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ നിർദ്ദേശിക്കുക. മെയിൻ കിച്ചന്റെ പ്രവർത്തനക്ഷമതയും ചെലവ് നിയന്ത്രണവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

Scanned with OKEN Scanner

B. **കടൽ കഫെ ഔട്ട്ലെറ്റുകൾ**

- കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോതി ബീച്ച്, കോഴിക്കോട് ബീച്ച്, ഭട്ട് റോഡ് ബീച്ച് എന്നിവിടങ്ങളിൽ 300-400 SQFT വരുന്ന 5 ഔട്ടലുകളാണ് നടത്തുന്നത്

- എല്ലാ ഔട്ട്ലെറ്റുകളുടെയും പ്രവർത്തനരീതി ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
- മെനു, വിഭവങ്ങളുടെ അളവ്, ഗുണനിലവാരം, വില എന്നിവ സ്റ്റാൻഡേർഡൈസ് ചെയ്യുക.ഔട്ട്ലെറ്റ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.
- ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശം നൽകുക.
- ഭക്ഷ്യസുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.വിൽപ്പന, സ്റ്റോക്ക്, വരുമാനം എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക.
- വിൽപ്പനയും ലാഭക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
- ഉൽപ്പന്നങ്ങളുടെ അവതരണം, പാക്കിംഗ്, ബ്രാൻഡിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.ഔട്ട്ലെറ്റുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ തിരുത്തൽ നിർദ്ദേശങ്ങൾ നൽകുക.

**സി. യോഗ്യതയും പരിചയവും**

- താൽപര്യമുള്ള കൺസൾട്ടന്റ് / കൺസൾട്ടൻസി സ്ഥാപനത്തിന്: ഹോട്ടൽ, റസ്റ്റോറന്റ്, കഫെ, കാറ്ററിംഗ്, ഫുഡ് പ്രോസസ്സിംഗ് മേഖലകളിൽ പ്രസക്തമായ പരിചയം ഉണ്ടായിരിക്കണം.
- മെയിൻ കിച്ചൻ / കമേഴ്സ്യൽ കിച്ചൻ / ഫുഡ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും പരിചയം അഭികാമ്യം. ഫുഡ് കോസ്റ്റിംഗ്, മെനു പ്ലാനിംഗ്, ഓപ്പറേഷൻ മാനേജ്മെന്റ് എന്നിവയിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.
- ഭക്ഷ്യസുരക്ഷ, ശുചിത്വം, ഗുണനിലവാര നിയന്ത്രണം എന്നിവയിൽ ആവശ്യമായ അറിവ് ഉണ്ടായിരിക്കണം. ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പരിചയം ഉണ്ടായിരിക്കണം.സമാനമായ സർക്കാർ / സ്ഥാപന / സാമൂഹിക സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തിപരിചയം അഭികാമ്യം

3. **താൽപര്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- കൺസൾട്ടന്റ് / കൺസൾട്ടൻസി സ്ഥാപനത്തിന്റെ പ്രൊഫൈൽ.

Scanned with OKEN Scanner

- ബന്ധപ്പെട്ട മേഖലയിൽ നേടിയ പ്രവൃത്തിപരിചയത്തിന്റെ വിശദാംശങ്ങൾ.
- സമാനമായ പ്രവൃത്തികൾ ഏറ്റെടുത്തതിന്റെ വിവരങ്ങൾ.
- ബന്ധപ്പെട്ട ജീവനക്കാരുടെയും വിദഗ്ധരുടെയും യോഗ്യതയും പരിചയവും.നിർവഹിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രീതിയും പ്രവർത്തന  പദ്ധതിയും.
- കൺസൽട്ടൻസി ഫീസ് / പ്രതിഫലത്തിന്റെ വിശദാംശങ്ങൾ.
- രജിസ്ട്രേഷൻ, ലൈസൻസ്, മറ്റ് നിയമപരമായ രേഖകൾ.ആവശ്യമായ മറ്റ് അനുബന്ധ രേഖകൾ.

4. **<u>കൺസൽട്ടന്റിന്റെ തിരഞ്ഞെടുപ്പ്</u>**

- സമർപ്പിക്കുന്ന താൽപര്യപത്രങ്ങൾ ബന്ധപ്പെട്ട മേഖലയിലെ പരിചയം, സാങ്കേതിക ശേഷി, വിദഗ്ധരുടെ യോഗ്യത, നിർദ്ദേശിച്ച പ്രവർത്തനരീതി, സാമ്പത്തിക നിർദ്ദേശം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് യോഗ്യരായ കൺസൽട്ടന്റിനെ തിരഞ്ഞെടുക്കുന്നതാണ്.

* SAF-ന് ആവശ്യമായ സാഹചര്യത്തിൽ ഏതെങ്കിലും താൽപര്യപത്രം സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. <u>സമർപ്പിക്കേണ്ട വിവരങ്ങൾ</u>

താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി:  31/10/2026
സമർപ്പിക്കേണ്ട സ്ഥലം / വിലാസം:

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (SAF)
സി.ആർ.സി ബിൽഡിംഗ് ,വെള്ളയിൽ
കോഴിക്കോട്- 673011
PHONE :8943164472,  7094747427

NODAL OFFICER
ASST. DIRECTOR OF FISHERIES
SOCIETY FOR ASSISTANCE TO
FISHERWOMEN (SAF)
KOZHIKODE

Scanned with OKEN Scanner